## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 33** 10.03.2015- ൽ മറുപടിക്ക്

## "വ്യവസായമേഖലകളിൽ ക്ലസ്റ്റർ ഡെവലപ്മെന്റ്"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം.വി.ശ്രേയാംസ് കുമാർ**<br>**ഡോ. എൻ. ജയരാജ്**<br>**ശ്രീ. റോഷി അഗസ്റ്റിൻ**<br>**ശ്രീ. പി.സി. ജോർജ്** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | ചെറുകിട ഇടത്തരം വ്യവസായ മേഖലകളിൽ ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ഉണ്ട്.<br>കേന്ദ്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം എന്റർപ്രൈസസ് മന്ത്രാലയത്തിന്റെ മൈക്രോ സ്മാൾ എന്റർപ്രൈസസ് -ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോജക്ട് പ്രകാരമുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. സൂക്ഷ്മ ചെറുകിട വ്യവസായങ്ങളുടെ ശാക്തീകരണമാണ് ക്ലസ്റ്റർ ഡവലപ്മെന്റ് പ്രോഗ്രാം കൊണ്ട് ഉദ്ദേശിക്കുന്നത്.<br>ഗുണനിലവാര പരിശോധന, പരിശീലനം, പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കൽ, വിപണനം, പൊതുവായ ഒരു ബ്രാൻഡ് വികസിപ്പിക്കൽ, വായ്പകൾക്കുവേണ്ടി മൃച്ചൽ ക്രെഡിറ്റ് ഗ്യാരന്റി, അസംസ്കൃത സാധനങ്ങൾ വൻതോതിൽ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലസ്റ്റർ വികസന പരിപാടിയുടെ ഭാഗമായി ലഭ്യമാക്കുന്നു. |

| | | |
|---|---|---|
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളെന്തെല്ലാമാണ്; വ്യക്തമാക്കുമോ; | സാങ്കേതിക വിദ്യാ പുരോഗതി, ഗുണമേന്മ, പ്രവർത്തനമികവ്, വിപണിയുടെയും മൂലധനത്തിന്റെയും സാദ്ധ്യതകൾ എന്നീ പൊതുവിഷയങ്ങൾ അഭിമുഖീകരിക്കുവാൻ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ സഹായിക്കുക, നിർദ്ദിഷ്ട സംരംഭങ്ങളുടെ വളർച്ചയും നിലനിൽപ്പും ഉറപ്പുവരുത്തുക. അനുബന്ധ സംരംഭങ്ങളുടെ കാലാനുസൃതമായ മാറ്റത്തിനും കൂട്ടായ പ്രവർത്തനത്തിനും സൂക്ഷമ ചെറുകിട ഇടത്തരം സംരംഭങ്ങളെ പര്യാപ്തമാക്കുക. പുതിയതും നിലവിലുള്ളതുമായ വ്യവസായ മേഖലകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സംഘങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള അവസരങ്ങൾ മെച്ചപ്പെടുത്തുക. കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. പദ്ധതി തുകയുടെ 70 ശതമാനം കേന്ദ്രവും, 20 ശതമാനം സംസ്ഥാനവും ബാക്കി 10 ശതമാനം ക്ലസ്റ്ററുകളും വഹിക്കുന്നു. |
| സി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | സി) സംസ്ഥാനത്തെ 14 ക്ലസ്റ്ററുകൾക്ക് കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അവയിൽ 8 പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ബാക്കി 6 പദ്ധതികൾ പൂർത്തിയായി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | മൂന്ന് പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്രമന്ത്രാലയത്തിന്റെ പരിഗണനയിലാണ്. 2014-2015 കാലഘട്ടം വരെ 60 ക്ലസ്റ്ററുകൾ വ്യവസായ വാണിജ്യ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.